# Weekly Devotion - August 2017

## Internal Freedom (ആന്തരീക സ്വാതന്ത്ര്യം)




ഒരു ഫാക്ടറിമാനേജരുടെ കീഴിൽ ജോലിചെയ്യുന്ന ജീവനക്കാരല്ലാം നിരാശരാണ്. ചിലർ ജോലി രാജിവയ്ക്കുവാനും മറ്റുചിലർ പുതിയ ജോലി അന്വേഷിക്കുവാനും തയ്യാറായി. അപ്പോഴാണ് ഒരു Supervisor ടെ ഒഴിവു ള്ളത് മാനേജുമെന്റ് നികത്തിയത്. നല്ല ചിട്ടയിൽ വളർന്ന ഒരു വിശ്വാസിയായ യുവാവായിരുന്നു ആ സ്ഥാനത്തേക്ക് നിയമിതനായത്. മാനേജരുടെ മുറിയിൽ പുഞ്ചിരിയോടെ കയറിച്ചെന്ന യുവാവ് കണ്ടത് കോപം കീഴ്പ്പെടുത്തിയ ഒരു മനുഷ്യനെയാണ്. Supervisor ആണ് തന്റെ മുൻപിൽ എന്നറിഞ്ഞ മാനേജർ സകലരുടെയും കുറ്റം പറയുകയാണ് ചെയ്തത്. സർ! നമ്മുടെ വായുടെ ഫല ത്താലാണ് നമുക്ക് നന്മ വരുന്നത് . നല്ല മനുഷ്യനോ തന്റെ പ്രവർത്തിയാൽ തൃപ്തിവരുമെന്ന് എന്റെ പിതാവ് പറഞ്ഞുകേട്ടിട്ടുണ്ട്. അതിനാൽ നമുക്ക് ഈ തൊഴിലാളികളെ സ്നേഹിക്കാം. ഈ ഉപദേശം ഏറ്റെടുത്ത മാനേജർ ക്രമേണ അദ്ദേഹത്തിന്റെ സ്വഭാവത്തിന് മാറ്റം വരുത്തി. ഈ മാറ്റം മൂലം തൊഴിലാളി കളും സന്തോഷിച്ചു.

ചില ചിന്തകൾ ഒരു വ്യക്തിയിൽ അഥവാ ഒരു സമൂഹത്തിൽ കടന്നു കൂടി യാൽ അത് അവരെ മാത്രമല്ല മറ്റുള്ളവരെയും ബന്ധനാവസ്ഥയിലാക്കുന്നു. ആന്തരീക സ്വാതന്ത്ര്യം എങ്ങനെ പ്രാപ്യമാക്കാമെന്ന് അപ്പോ: പ്ര(10)-ാം അദ്ധ്യായ ത്തിൽ നിന്ന് നമുക്ക് മനസ്സിലാക്കാം. യഹൂദനായ പത്രോസും പുറജാതിയിൽ നിന്നു വന്ന യഹുദനായ കൊർന്നല്യോസും പ്രാർത്ഥനാമനുഷ്യരായിരുന്നു (Acts: 10:2,9) തങ്ങളുടെ ജാതീയദേവന്മാരിലും ആചാരരീതികളിലും നിരാശ രായി യഹൂദമതസത്യങ്ങൾ സ്വീകരിച്ച് സിനഗോഗുകളിൽ പോകുന്ന പുറജാതി ക്കാരെ ഭക്തർ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. പരിച്ഛേദന ഏറ്റ യഹൂദർ, പരിച്ഛേദന ഏല്ക്കേണ്ടാത്ത പുറജാതിക്കാരായ യഹൂദരെ അംഗീകരിച്ചിരുന്നില്ല. കൊർന്നല്യോസ് എന്ന നല്ല സാക്ഷ്യമുള്ള മനുഷ്യനെയും ആ മനുഷ്യന്റെ വീട്ടിൽ കൂടേണ്ടവരെ മാത്രമല്ല, അവരെ ദൈവത്തിന്റെ ദൂതറിയിക്കേണ്ട ആളിനെയും രൂപപ്പെടുത്തി എടുക്കുവാൻ പ്രവർത്തിച്ചത് ദൈവമാണ് എന്ന് വചനം വ്യക്തമാ ക്കുന്നു.

മാളികമുറിയിലെ അനുഭവത്താൽ നിറയപ്പെട്ട പത്രോസിനെയാണ് ദൈവം തിരഞ്ഞെടുത്തത്. അന്യജാതിക്കാരുടെ അടുക്കൽ പോകുന്നത് നിഷി ദ്ധമെന്ന് കരുതുന്ന യഹൂദന്റെ ചിന്താഗതിയിൽ നിന്ന് പത്രോസിനെ സ്വതന്ത്ര നാക്കുവാനാണ് പ്രാർത്ഥനാസമയത്ത് നാല്ക്കാലി, ഇഴജാതി, പറവകൾ മുതലാ യവ ആകാശത്തുനിന്നും ഇറങ്ങിവന്ന് ദർശനംകാട്ടിയത്.വിശന്നിരിക്കുന്നവനാണ്

ഭക്ഷണം ആവശ്യം. മലിനമായവ കർത്താവേ ഞാൻ ഭക്ഷിക്കുകയില്ല എന്നുള്ള ആന്തരീക ചിന്ത പുറത്തുവന്നപ്പോൾ ദൈവം ശുദ്ധീകരിച്ചത് മലിനമല്ലെന്ന് മനസ്സിലാക്കുവാനും,ദൈവീകനിർദ്ദേശമനുസരിച്ച് കൊർന്നല്യോസ് അയച്ച മൂന്നുപേരോടൊപ്പം പോകുവാനുള്ള തീരുമാനം എടുക്കത്തക്കവണ്ണം ദൈവം പത്രോസിനെ മാറ്റി എടുത്തു. ആന്തരീക സ്വാതന്ത്രം അദ്ദേഹത്തിന് ലഭിച്ചു എന്നതിന്റെ തെളിവാണ് പുറജാതിക്കാരെങ്കിലും ദൈവഭക്തനായ പടയാളി യെയും കൂടെയുള്ള രണ്ടുപേരെയും അകത്ത് വിളിച്ച് പാർപ്പിച്ചത് (Act 10:23)

ദൈവം നിയോഗിച്ച സ്ഥലത്തെത്തി ശക്തമായി പറഞ്ഞ വചനം കേട്ട എല്ലാവരുടെയും മേൽ പരിശുദ്ധാത്മാവ് വന്നു. പരിച്ഛേദനക്കാരായ യഹൂദന്മാർ വിസ്മയിക്കത്തക്കവണ്ണം ദൈവം പ്രവർത്തിച്ചു യേശുക്രിസ്തുവിന്റെ നാമത്തിൽ അവർ സ്നാനം ഏല്ക്കുകയും ചെയ്തു (Act 10:34-48).

കർത്താവിൽ പ്രീയരേ ! ആന്തരീകമായ മലിന ചിന്തകൾ നിങ്ങളെ ക്രിസ്തുവിൽ നിന്നകറ്റുന്നു എന്ന് മനസ്സിലാക്കുക. ഹൃദയം നിറഞ്ഞ കവിയുന്നതാണ് വായ് പുറത്തേക്കുവിട്ട് മലിനതയുള്ളവരാക്കുന്നത് വചനം ഗ്രഹിച്ച്, ക്രിസ്തുവിൽ വിശ്വസിച്ച് പരിശുദ്ധാത്മ നിറവുള്ളവരായി ആന്തരീകസ്വാതന്ത്രം പ്രാപിപ്പാൻ ദൈവം സഹായിക്കട്ടെ.

**പ്രാർത്ഥന**

ഞങ്ങൾ നടക്കേണ്ടുന്ന വഴി ഏതെന്നറിയുന്ന ദൈവമേ അങ്ങ് ഞങ്ങളെ നടത്തേണമേ. വ്യാജം പറയുന്ന നാവും ദോഷം നിരുപിക്കുന്ന ഹൃദയവും ഞങ്ങളെ ആന്തരീക ബന്ധനത്തിലാക്കാതെ വചനത്താൽ ഞങ്ങളെ സ്വതന്ത്രരാക്കേണമേ. മറ്റുള്ളവരേയും നല്ല വാക്കുകളാൽ ആന്തരീക സ്വതന്ത്രത്തിലേക്ക് നയിക്കുവാൻ ഈ ചെറിയ ജീവിതത്തെ ഉപയോഗിപ്പാനിടയാക്കേണമേ.

ആമേൻ

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind